# Cities of Refuge.

## സങ്കേത നഗരങ്ങൾ (യോശുവ 20)

ദൈവിക നിർദ്ദേശങ്ങളും, നിയമങ്ങളും എല്ലാം തന്നെ വ്യക്തവും സ്ഫുടവുമായി ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പഴയനിയമ കാലത്ത് സകല നിർദ്ദേശങ്ങളും , നിയമങ്ങളും തന്റെ ജനമായ ഇസ്രായേലിനു നല്കിയത് മോശ മുഖാന്തിരമായിരുന്നു.യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടായി നിലനിർത്തുവാൻ ദൈവം എപ്പോഴും ശ്രദ്ധിച്ചിരുന്നു. ലേവ്യരെ പിതൃഗോത്രമായി എണ്ണരുതെന്ന് പ്രത്യേകം നിർദ്ദേശിക്കുമ്പോൾ അതിന്റെ കാരണവും ദൈവം വ്യക്തമാക്കുന്നു. (സംഖ്യ 1:47-50). "ലേവ്യർക്ക് നിങ്ങളുടെ ഇടയിൽ ഓഹരി ഇല്ലല്ലോ.യഹോവയുടെ പൗരോഹിത്യം അവരുടെ അവകാശം ആകുന്നു". (യോശു:18:7)ഓഹരി ലഭ്യമാകാത്തതിൽ ലേവ്യർക്ക് യാതൊരു വിധമായ ആശങ്കയോ, വിഷാദമോ ഉണ്ടായതുമില്ല. യഹോവ തന്നെയാണ് അവന്റെ ദാസൻമാരുടെ അവകാശവും ഓഹരിയും.

Read സങ്കീ. (16:5)

അവന്റെ വേല ചെയ്യുന്ന ലേവ്യനോടൊപ്പം യഹോവ ഉള്ളതിനാൽ ഭൂമിയിലെ നിക്ഷേപം ഇല്ല എന്ന് അവർ ചിന്തിക്കുന്നില്ല. പിശാച് കാണിക്കുന്ന ഭൗമിക നിധിയേക്കാൾ വലുതാണ് ദൈവം തരുന്ന ഓഹരി. (ക്രിസ്തു എന്റെ ഓഹരി എന്ന് പറവാൻ നാം ധൈര്യമുള്ളവരോ?). കർത്താവിന്റെ കരുതൽ വേലയിൽ യിസ്രായേലിനെ തന്റെ സഹകാരികളാകുവാൻ അവൻ അനുവദിച്ചു എന്നത് ദൈവം അവർക്കു നല്കിയ പദവിയത്രെ. അതിനായി യിസ്രായേൽ വാഗ്ദത്തദേശത്ത് എത്തുമ്പോൾ എന്തു ചെയ്യണമെന്ന് ദൈവം മോശയെ അറിയിക്കുന്നു. സംഖ്യ (35:(2-3),(9-11) ലേവ്യർക്ക് കൊടുക്കുന്ന പട്ടണങ്ങൾ നാല്പത്തിയെട്ടിൽ ആറെണ്ണം സങ്കേത നഗരങ്ങൾ ആയിരിക്കേണം.

Read സംഖ്യ (35:6,7)

എവിടെയെല്ലാമായിരിക്കേണം ഇവ ഒരുക്കേണ്ടത്?

സംഖ്യ:35:14)

ആരാണ് സങ്കേതനഗരത്തിലേക്ക് ഓടി എത്തുന്നവർ?- സംഖ്യ :(35:15)

ആവ:(19:4-6,9)

ഓടിപ്പോകേണ്ടതിനുള്ള വഴി ഒരുക്കിക്കൊടുക്കണം.(വഴിയും, സത്യവും ജീവനുമായ കർത്താവിനെ അറിഞ്ഞവർക്കു മാത്രമേ മറ്റുള്ളവർക്ക് വഴി കാണിച്ചു കൊടുക്കുവാൻ കഴിയുകയുള്ളൂ.) ദേശത്തിന്റെ ഏതു കോണിൽ നിന്നും കൊലയാളിയ്ക്ക് ഓടി എത്തി രക്ഷപ്രാപിപ്പാൻ തക്കവണ്ണം ആയിരിക്കേണം സങ്കേത നഗരം ഒരുക്കേണ്ടത്. അബദ്ധവശാൽ സംഭവിക്കുന്ന തെറ്റിനെ ക്ഷമിക്കുന്ന ദൈവീകസ്വഭാവത്തെ ഇവിടെക്കാണാം. വചനത്തിൽ നിന്നുമുള്ള ഒരു ഉദാഹരണമാണ് സോദോം, ഗോമറയുടെ അവസ്ഥ, അവരെക്കുറിച്ചുള്ള നിലവിളി കഠിനമായപ്പോൾ പട്ടണം നശിപ്പിപ്പാൻ യഹോവ തയ്യാറായി. അപ്പോഴും അബ്രാമിനെ മാനിച്ച ദൈവം പർവ്വതത്തിലേക്ക് ഓടി രക്ഷപെടുവാൻ ആവശ്യപ്പെട്ടിട്ടും അനുസരിക്കാത്തവനോട് ചില നിർദ്ദേശങ്ങൾ നൽകുന്നു.

Read ഉല്പത്തി 19:17

1. ആയിരുന്നിടത്തുനിന്നും പുറത്ത് കൊണ്ടുവന്നു.
2. ജീവരക്ഷയ്ക്കായി മുമ്പോട്ട് ഓടുക
3. പുറകോട്ട് (വിട്ടുപോന്ന സാഹചര്യം)നോക്കരുത്.
4. ഈ പ്രദേശത്തെങ്ങും നില്ക്കരുത് (ആകർഷകത്വമുള്ളത് പലതും കാണും, പക്ഷേ കൺമോഹം ജയിച്ചിരിക്കണം)
5. പർവ്വതത്തിലേക്കോടിയാൽ നാശം സംഭവിക്കുകയില്ല

(സങ്കീ 121:1,2)

ലോത്തിന് അബദ്ധവശാൽ വന്നതെറ്റല്ല പത്ത് ദേശവാസികളെയോ, സ്വന്തം കുടുംബത്തെയോ രക്ഷിപ്പാൻ അവന് കഴിഞ്ഞില്ല. എത്ര അവസരങ്ങൾ കൊടുത്താലും , സങ്കേത നഗരത്തിലുള്ള വഴിയിൽ പിടിച്ചു നിർത്തിയാലും ലോത്തിന്റെ ഭാര്യയെപ്പോലെ ഓടാൻ താൽപര്യമില്ലാത്തവർ അനേകരാണ്.

മനപ്പൂർവ്വം തെറ്റു ചെയ്തവർക്ക് സങ്കേത നഗരത്തിന്റെ പരിരക്ഷണം ലഭിക്കുകയില്ല (പുറ 21:(12,14) ജീവൻ രക്ഷിപ്പാൻ സങ്കേതപട്ടണം ലക്ഷ്യമാക്കി ഓടുന്നവന് ഒറ്റലക്ഷ്യം അഥവാ ഒറ്റലാക്ക് മാത്രം. ഓടുന്ന സമയത്തുള്ള സംഘർഷം അവിടെ എത്തുമ്പോൾ മാറുകയും ചെയ്യുന്നു. Read ഫിലി :(3:14) എത്ര നാൾ സങ്കേത പട്ടണത്തിൽ പാർക്കാം

- യോശു:20:4-6)

## ലേവ്യർക്ക് നൽകിയ പട്ടണങ്ങളിൽ നിന്നും സങ്കേത നഗരങ്ങൾ തിരഞ്ഞെടുപ്പാൻ കാരണം എന്ത്?

പൗരോഹിത്യത്തിന്റെ ഉത്തരവാദിത്തം ദൈവത്തോടു ചേർന്ന് ചെയ്യുന്നവർക്കു മാത്രമേ പ്രതികാരകനെ ഭയന്ന് ഓടി എത്തുന്ന ഒരു വ്യക്തിയെ ക്ഷമയോടെ സ്വീകരിപ്പാനും , കോപിക്കാതെ ആശ്വാസവാക്കുകളാൽ അയാളുടെ ഭയം മാറ്റുവാനും കഴിയുകയുള്ളു. തെരഞ്ഞെടുക്കപ്പെട്ട തന്റെ ദാസൻമാർക്ക് ദൈവം അതിനുള്ള പ്രത്യേക കഴിവ് നൽകുന്നു.

[ഉദാ:മോശയുടെയും അഹരോന്റെയും ജീവിതം ശ്രദ്ധിച്ച് പഠിക്കുക Read പുറ: (15:24,25), (16:2-7), സംഖ്യ (12:10-13), സംഖ്യ (16:2-7), (16:12-15)]

## സങ്കേത നഗരം ക്രിസ്തുവിന്റെ നിഴൽ

1. ബലമുള്ള ഗോപുരം - സങ്കീ(46:1) , (71:7)
2) ഉറപ്പുള്ള ഗോപുരം - സങ്കീ(61:3)
3) ഉറപ്പുള്ള സങ്കേതം - സങ്കീ(62:7)
4) എല്ലാക്കാലത്തും ആശ്രയിപ്പാൻ കഴിയുന്ന സങ്കേതം - സങ്കീ (62:8)
5) കോട്ടയും സങ്കേതവുമായവൻ - സങ്കീ (91:2)
6) നിത്യ സങ്കേതം - ആവ :(33:27)

## സങ്കേത പട്ടണത്തിലഭയം തേടുക അഥവാ ക്രിസ്തുവിലഭയം തേടുക (ആത്മീയാർത്ഥങ്ങൾ)

1. അബദ്ധവശാൽ സംഭവിച്ചത് ഒഴിവാക്കാമായിരുന്നു, ക്ഷമിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന ബോധം ഉണ്ടാകുന്നവനാണ് രക്ഷക്കായി സങ്കേത നഗരത്തിലേക്ക് ഓടുന്നത്.

ഇതുപോലെ പാപം ചെയ്തു എന്ന് ബോധം വന്നാൽ (സങ്കീ 51:4) ഓടി എത്തേണ്ടത് 'യേശു' എന്ന് നാമമുള്ളവന്റെ അടുക്കലത്രെ. അവൻ നമുക്കു വേണ്ടി പിതാവിനോട് മദ്ധ്യസ്ഥത ചെയ്യുന്നു.

2. സങ്കേത പട്ടണത്തിലെത്തുന്നവന് സമയപരിധിയുണ്ട്.(യോശു 20:6) കൂടാതെ തെറ്റിനും ശിക്ഷ ലഭിച്ചേ മതിയാകൂ.

എന്നാൽ ക്രിസ്തുവിൽ വിശ്വസിച്ച് തെറ്റ് മനസ്സിലാക്കി തിരുത്തുന്നവന് ശാശ്വത മോചനം ലഭിക്കുന്നു.കാരണം ക്രിസ്തു കാൽവറിയിൽ അത് ഏറ്റുവാങ്ങി.

3. സങ്കേത നഗരത്തിലഭയം തേടിയവൻ നഗരവാതിലിന്ന് പുറത്തെത്തിയാൽ പ്രതികാരകന്റെ വാളിന്നിരയാകും.

സംഖ്യ:(35:26-27)

എന്നാൽ വിശ്വാസി ക്രിസ്തുവിൽ സ്വതന്ത്രനാകയാൽ അവൻ സുരക്ഷിതനത്രേ.

4. സങ്കേത നഗരത്തിലഭയം തേടുന്നയാൾക്ക് അവിടെയുള്ള പുരോഹിതന്റെ മരണം വരെ മാത്രമേ ആ പട്ടണത്തിൽ പാർപ്പാൻ കഴിയുകയുള്ളൂ. (യോശു: 20:6)

എന്നാൽ ക്രിസ്തുവിലഭയം തേടിയവന് പുറകോട്ട് ഓടേണ്ടി വരികയില്ല. കാരണം നമ്മുടെ മഹാപുരോഹിതൻ അമർത്യനത്രെ.

5. സങ്കേതപട്ടണത്തിലെ സംരക്ഷണം താല്ക്കാലികം. (സംഖ്യ)35:15

എന്നാൽ ക്രിസ്തുവിലഭയം തേടിയവർക്ക് നിത്യജീവനും , നിത്യരക്ഷയും നിശ്ചയമത്രെ - യോഹ(3:15)(17:3)

1 തി മൊ (1:15)

**6 സങ്കേത നഗരങ്ങളും അവയുടെ ആത്മീയ അർത്ഥങ്ങളും -**

**(യോശുവ(20:7-9)**

1. നഫ്താലി മലനാട്ടിൽ കേദെശ് - ഇത് വിശുദ്ധിയെ കാണിക്കുന്നു.

(a refuge for the unclean)

Read -ലൂക്കോ :(5:20,26) 2 കൊരി(5:21), എബ്രാ:(10:10)

2. എഫ്രയീം മലനാട്ടിൽ ശെഖേം- തോൾ (Shoulder)

(a refuge for that , one lost in the wilderness of sin)

അതായത് പാപത്തിൽ അകപ്പെട്ടതിനെ കണ്ടെത്തി തോളിലേറ്റുന്ന നല്ല ഇടയനായ ക്രിസ്തു.

ലൂക്കോ (15:3-7), (15:13-20)

3. യെഹൂദാ മലനാട്ടിൽ ഹെബ്രോൻ എന്ന കിർയ്യത്ത് - അർബ്ബ

ഹെബ്രോൻ - സഖിത്തം അഥവാ കൂട്ടായ്മ

(a refuge for the lonely sinner )

Read - 1 യോഹ (1:3,7)

4. രൂബേൻ ഗോത്രത്തിൽ സമഭൂമിയിലുള്ള ബേസെർ -Fortress (കോട്ട)

(a refuge for helpless sinner)

Read -യെശ :(33:15,16), സദൃ (18:10)

5. ഗാദ്ഗോത്രത്തിൽ രാമോത്ത് - സ്വർഗ്ഗോന്നതി.

## (a refuge for the wretched sinner )

Read - എഫേ (2:6,7)

ഒരു പാപിയെ ദൈവം രക്ഷിക്കുന്നതിനാൽ കൃപയുടെ അത്യന്തശക്തി ദൈവം പ്രകടിപ്പിക്കുകയാണ്. ഒരു പാപിയെ ദൈവം രക്ഷിക്കുന്നത് മറ്റു പാപികൾക്ക് മാതൃകയാവാനാണ്. ഉയർത്തെഴുന്നേറ്റ കർത്താവിനൊപ്പം സ്വർഗ്ഗത്തിൽ നമുക്കും പിതാവ് സ്ഥാനം നൽകുന്നു.

6. മനശ്ശെ ഗോത്രത്തിൽ ഗോലാൻ - Joy (സന്തോഷം)

## (a refuge for the downcast)

സമൂഹത്തിൽ തള്ളപ്പെട്ടവരുടെ അഭയകേന്ദ്രം ക്രിസ്തു. അവിടെ സന്തോഷം നിത്യം- Read[1 പത്രോ(1:8)]

[റോമ:(14:17)]

ദൈവം കൃപയാൽ ഒരുക്കിയ ഏക അഭയസ്ഥാനമായ ക്രിസ്തുവിൽ ആകുവാൻ കൂട്ടാക്കാതെ സംശയിച്ചും , അറച്ചും നില്ക്കുന്ന ഒരു പാപിയുടെ നിലപാട് അത്യന്തം ഭോഷത്വമാണ്, ഭയാനകമാണ്. രക്ഷയ്ക്കായി അവന്റെ അടുക്കലേക്ക് ഓടാതെ ഒഴിവുകഴിവുകൾ നിരത്തി ഓട്ടത്തിൽ അലസത കാണിക്കുകയോ, വേഗത കുറയ്ക്കുകയോ ചെയ്യുന്നത് തീർത്തും മാരകമായ മൗഢ്യമായിരിക്കും . ക്രിസ്തുവിലഭയം തേടാൻ ലൗകീകത തടസ്സമാകുന്നവർ, കുറച്ചുകൂടെ കഴിയട്ടെ എന്ന് ചിന്തിക്കുന്നവർ ഓർക്കുക, സമയം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. നിത്യനരകത്തിൽ വീഴാതെ പിതാവ് ഒരുക്കിയ ക്രിസ്തു എന്ന ആ നിത്യ സങ്കേതത്തിലേക്ക് കടക്കുവാൻ ദൈവം സംഗതിയാക്കട്ടെ.

SANTHAMMA VARGHESE

☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆